


# 1st prize for the Nadodinritham

**Ajithbabu of S8 EEE** baged the **1st prize** for the **Nadodinritham** (**Folk Dance**) **in the D-zone Art Fest 2017** organized by Calicut University at **Sree Krishna College Guruvayoor on 20th March 2017**

**Video(TCV) :**

# ചോര കണ്ടെങ്കിലെന്താ..

# 'നിനക്ക് തന്നെയാടാ ഫസ്റ്റ്'



# ഒന്നാം സ്ഥാനം കോമരങ്ങൾ വെട്ടിപ്പിടിച്ചു



# നിണമൊഴുക്കി.... വെളിച്ചപ്പാട്

**കുന്നംകുളം** > മതിമറന്നാടിയ വെളിച്ചപ്പാടിന്റെ തലയിൽ നിന്നൊഴുകിയത് ചുടുനിണം. നെറ്റിയിലൂടെ ഒലിച്ചിറങ്ങിയത് കുങ്കുമം അല്ലെന്ന് സഹപാഠികളും സംഘാടകരും തിരിച്ചറിഞ്ഞത് മത്സരശേഷം. തലയിൽ നിന്ന് ചോര വാർന്നൊലിച്ചിട്ടും വേദന വകവയ്ക്കാതെ വേദിയെ ഉള്ളം കൈയിലെടുത്ത അജിത ബാബു നാടോടി നൃത്തത്തിൽ ഒന്നാം സ്ഥാനം നേടി. വിദ്യ എൻജിനിയറിങ് കോളേജിലെ അവസാന വർഷ ബിരുദ വിദ്യാർഥി കെ അജിത് ബാബു അവതരിപ്പിച്ച കൊടുങ്ങല്ലൂർ ഉത്സവത്തിലെ വെളിച്ചപ്പാടിനെ കണ്ട് സദസ്സ് ഒന്നടങ്കം കൈയടിച്ചു. വേദി വിട്ടിറങ്ങിയപ്പോഴാണ് വാൾത്തല കൊണ്ട് നിറുകയിൽ മുറിവേറ്റ് ചോരയിൽ കുളിച്ച് അജിത്തിനെ കണ്ടത്. ആദ്യം കുങ്കുമത്തിന്റെ നിറമാണെന്നാണ് ധരിച്ചത്. വേഷമഴിച്ചതോടെയാണ് തലയിലേറ്റ മുറിവിന് വലിയ ആഴമുണ്ടെന്ന് അറിഞ്ഞത്. ഉടൻ തന്നെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചു. തലയിൽ നാല് തുന്നിക്കെട്ടുമായി തിരിച്ചെത്തിയപ്പോഴാണ് തന്റെ വെളിച്ചപ്പാടിന് ഒന്നാം സ്ഥാനം ലഭിച്ചതറിഞ്ഞത്. വേദനക്കിടയിലും നാടോടി നൃത്തത്തിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ മാളവിക മോഹന് വേണ്ടി പാടിയതും അജിത്താണ്. ഇതേ കോളേജിലെ ജീവനക്കാരനായ പെരുമ്പിലാവ് സ്വദേശി ആനന്ദാണ് ഗുരു.